2008, ഖുത്ബ നമ്പര്‍- 19

بسم الله الرحمن الرحيم

9.5.2008
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# ഘാന ജമാഅത്ത്: അലയടിച്ചുയരുന്ന ജനസാഗരം!

**ക**ഴിഞ്ഞദിനങ്ങളില്‍ പശ്ചിമാഫ്രിക്കയിലെ മൂന്നു രാഷ്ട്രങ്ങളില്‍ പര്യടനം നടത്താന്‍ അല്ലാഹു എനിക്ക് തൗഫീഖ് നല്കിയ കാര്യം നിങ്ങള്‍ക്കറിയുന്നതാണ്. ഈ പര്യടനത്തിലെ ജല്‍സ തുടങ്ങിയ മുഖ്യപരിപാടികള്‍ മുസ്ലിം ടെലിവിഷന്‍ അഹ്മദിയ്യ ചാനല്‍ കാണുന്ന ഓരോ കണ്ണും കാണുകയും ദര്‍ശിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനുമേല്‍, അവന്റെ വാഗ്ദാനപ്രകാരം ഇറങ്ങിയത് കണ്ടു. നിരവധി കാര്യങ്ങള്‍ റിപ്പോര്‍ട്ടുകളില്‍ വന്നുകൊണ്ടിരുന്നു. കുറച്ച് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. കുറച്ച് ഇന്‍ശാഅല്ലാഹ് പ്രസിദ്ധീകരിക്കുന്നതാണ്. എന്നാല്‍, 'അല്‍ഫള്ല്‍' പത്രം നോക്കുകയോ വായിക്കുകയോ ചെയ്യാത്ത നിരവധിയാളുകള്‍ക്ക് ഈ റിപ്പോര്‍ട്ട് എത്താറില്ല. എന്തായാലും പര്യടനത്തെക്കുറിച്ച് ഞാനെന്തെങ്കിലും പറയണമെന്ന ആഗ്രഹം മിക്ക ആളുകള്‍ക്കുമുണ്ടാകും. എന്നല്ല, ഇതു സംബന്ധമായി ചില ഫാക്സുകളും വരാന്‍ തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഹ്രസ്വമായി ഈ യാത്രയിലെ ചില സംഭവങ്ങള്‍ പറയുന്നതാണ്. ക്യാമറക്കണ്ണുകള്‍ക്ക് കാണാന്‍ കഴിയാത്ത കാര്യങ്ങളാണ് പറയുന്നത്. അല്ലെങ്കില്‍ അത് വൈകാരികമായി ബന്ധപ്പെട്ടതാണ്. ഒരു പരിധിവരെയല്ലാതെ, അത് പൂര്‍ണ്ണമായും പ്രകടിപ്പിക്കാന്‍ സാധിക്കുകയില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഖിലാഫത്ത് ജൂബിലിയുടെ പേരില്‍, ഇത് ആദ്യത്തെ പര്യടനമായിരുന്നു. ഇക്കാരണത്താല്‍ ഞാന്‍ പോയ രാജ്യങ്ങളിലെ സ്നേഹിതന്മാരും സ്ത്രീകളും എന്നല്ല കുട്ടികള്‍വരെ വലിയ വൈകാരികമായിത്തന്നെ ജല്‍സാപരിപാടികളുടെ തയ്യാറെടുപ്പ് ആരംഭിച്ചുകഴിഞ്ഞിരുന്നു. ചിലരുടെ വൈകാരികാവസ്ഥ കണ്ട് അത്ഭുതപ്പെട്ടുപോയി; ത്യാഗം ചെയ്യുന്നവരും സ്നേഹിക്കുന്നവരും സ്നേഹത്തിലും ആത്മാര്‍ത്ഥതയിലും നന്മയിലും വളരുന്നവരും ദീനിനെ ദുന്‍യാവിനേക്കാള്‍ മുന്തിക്കുന്നവരുമായവരെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയിരിക്കുന്നു! അവര്‍ വിവിധ ദേശക്കാരാണ്. അവരുടെ നിറം വിഭിന്നമാണ്. അവരുടെ ആചാരാനുഷ്ഠാനങ്ങള്‍ പല തരത്തിലുള്ളതാണ്. പക്ഷേ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി, മുഹമ്മദീ മസീഹിന്റെ ഖലീഫയേയും അവര്‍ അകമഴിഞ്ഞ് സ്നേഹിക്കുന്നതു കാണുമ്പോള്‍, മനുഷ്യന്‍ അതിരറ്റ സ്നേഹത്തിന് അടിപ്പെട്ടുപോകുന്നു. ഇതു സംഭവിക്കേണ്ടതായിരുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനമാണിത്. ആ അല്ലാഹു നമ്മുടെ അല്ലാഹുവാണ്. അവന്‍ മസീഹ് മൗഊദിന്റെ അല്ലാഹുവാണ്. മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ അല്ലാഹുവാണ്. അവന്‍ സത്യമായ വാഗ്ദാനം മാത്രം ചെയ്യുന്ന അല്ലാഹുവാണ്. ആ സത്യസ്വരൂപനും സകല ശക്തികളുടെയും ഉടമസ്ഥനും തന്റെ വാഗ്ദാനം നിറവേറ്റുന്നവനുമായ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് 'ഞാന്‍ നിന്നെ ഭൂമിയുടെ അറ്റങ്ങള്‍വരെ അന്തസ്സോടുകൂടി വിഖ്യാതനാക്കും' എന്ന് വാഗ്ദാനം ചെയ്തിരുന്നു. 'നിന്റെ സ്മരണ നാലുപാടും ഉയര്‍ത്തുന്നതാണ്. നിന്നോടുള്ള സ്നേഹം ജനഹൃദയങ്ങളില്‍ ഇടുന്നതാണ്.' ഓരോ ദിവസവും ഒരു പുതിയ പ്രൗഢിയോടുകൂടി അല്ലാഹുവിന്റെ ഈ വാഗ്ദാനം പൂര്‍ത്തിയാകുന്നത് നമ്മള്‍ കാണുന്നു. ആഫ്രിക്കയില്‍ നടത്തിയ ഈ പര്യടനാവസരത്തില്‍ പ്രത്യേക പ്രൗഢിയോടുകൂടി അല്ലാഹുവിന്റെ ഈ വാഗ്ദാനം പൂര്‍ത്തിയായികണ്ടതിന് ഒരു ലോകം സാക്ഷിയാണ്. മറഞ്ഞൊരു കാര്യമല്ല ഇത്. ഒരു അതിശയോക്തിയും ഇതിലില്ല. ക്യാമറാകണ്ണുകള്‍ ടിവിയുടെ സ്ക്രീനില്‍ ലോകത്തിന് കാണിച്ചുകൊടുത്തതാണിത്. പകല്‍വെളിച്ചം പോലെ അത് കാണിച്ചുകൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമത്തെ ബഹുമാനത്തോടുകൂടി തങ്ങളുടെ ഹൃദയങ്ങളില്‍ അവര്‍ കുടിയിരുത്തിയിരിക്കുന്നു. പ്രത്യേകമായ രീതിയില്‍ 'ഗുലാം അഹ്മദ് കീ ജയ്' എന്ന മുദ്രാവാക്യം അവര്‍ വിളിക്കുമ്പോള്‍ 'ബഹുമാനത്തോടുകൂടി നിന്നെ വിഖ്യാതനാക്കും' എന്ന അല്ലാഹുവിന്റെ വാഗ്ദാനം ഒരു പ്രത്യേക തേജോവിലാസത്തോടുകൂടി പുലരുന്നത് നമുക്ക് കാണാന്‍ കഴിയുന്നു. നിന്റെ സ്മരണ ശ്രേഷ്ഠതരമാക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം, ഒരു പുതിയ രീതിയില്‍, മുദ്രാവാക്യത്തിന്റെ രൂപത്തില്‍ അന്തരീക്ഷത്തെ മുഖരിതമാക്കുന്നു. ഈമാന്റെ പ്രകാശം കൊണ്ട് നിറഞ്ഞ ആഫ്രിക്കക്കാരുടെ ഹൃത്തടങ്ങളില്‍ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ആ മഹാത്മാവിന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യോടുള്ള സ്നേഹത്തിന്റെ ഉറവ പൊട്ടിയൊഴുകിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും മനുഷ്യപ്രയത്നത്തിന് ഈ സ്നേഹം ഹൃദയത്തിലുണ്ടാക്കാന്‍ കഴിയുമോ? മുഖകാന്തിയും കണ്ണുകളില്‍ നിര്‍ഗ്ഗളിക്കുന്ന സ്നേഹവും സ്നേഹത്തിന്റെ തേനൊളിയും ഏതെ

ങ്കിലും ഭൗതികമായ അത്യാഗ്രഹത്തിന്റെ ഫല മായിട്ടുണ്ടാകുമോ? 'ദരിദ്രരെ അതിമോഹികളാക്കിയാൽ അവരെക്കൊണ്ട് എന്തും ചെയ്യിക്കാം' എന്നാണ് പറ യുന്നത്. പക്ഷേ ദുരാഗ്രഹം ഒരിക്കലും സ്നേഹം ഉണ്ടാ ക്കുകയില്ല. ഈ ദരിദ്രജനതയുടെ പക്കൽ ഭൗതിക സമ്പത്തൊന്നുമില്ല. എന്നാൽ ഈമാനിന്റെ സമ്പത്തു കൊണ്ട് സമ്പന്നരാണവർ. ഇവരെ എത്ര ദുരാഗ്രഹക്കാ രാക്കിയാലും, ഹദ്റത്ത് മസീഹ് മൗഊദിനോട് അവർക്കുള്ള സ്നേഹം അവരുടെ മനസ്സുകളിൽനിന്ന് നീക്കാൻ സാധ്യമല്ല. എന്നല്ല, ഹദ്റത്ത് മസീഹ് മൗഊ ദ്(അ) തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്ത ഫാ(സ)യെ സ്നേഹിക്കുന്നതുകൊണ്ട്, അഹ്മദിയ്യാ ഖിലാഫത്തിനോട് അവർക്കുണ്ടായിട്ടുള്ള സ്നേഹത്തിന്റെ അയലത്തുപോലും, അവരുടെ ഭൗതിസ്നേഹത്തിന് നില്ക്കാൻ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടുള്ള സ്നേഹം കാരണം, അഹ്മദികളുടെ ഹൃദയ ങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹവും അടിമുതൽ മുടിവരെ നിറച്ചു. ആഫ്രിക്കയിലെ അഹ്മദികൾ ഇതി നുള്ള വ്യക്തമായ മാതൃകയായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. ഈ സ്നേഹം ഭാവിയിലും അതിന്റെ ഉണർവ്വ് പരത്തിക്കൊണ്ടിരിക്കാൻ അല്ലാഹു അനുഗ്ര ഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ യുന്നു: "അമ്പിയാക്കന്മാരോടൊപ്പം നില്ക്കുന്നവർ എപ്പോഴും ബലഹീനരും ദരിദ്രരുമായിരിക്കും. വലിയ വലിയ ആളുകൾ ഇതിൽ നിർഭാഗ്യരായിപ്പോകുന്നു. അവരുടെ മനസ്സുകളിൽ പല രീതിയിലുള്ള ചിന്തകൾ പൊന്തിവരുന്നു. ആ കാര്യങ്ങൾക്കു മുമ്പേതന്നെ അവർ തങ്ങളെക്കുറിച്ച് അതിൽനിന്നെല്ലാം വിട്ടുനില്ക്കേണ്ടവ രാണെന്ന് മനസ്സിലാക്കുന്നു. തങ്ങളുടെ പൊങ്ങച്ചവും മറഞ്ഞിരിക്കുന്ന അഹങ്കാരവും തൻപ്രമാണിത്തവും കാരണത്താൽ, ദരിദ്രരും ആത്മാർത്ഥരും ബലഹീനരും എന്നാൽ, അല്ലാഹുവിന് പ്രിയപ്പെട്ടവരായ ആ ആളു കളുടെ സദസ്സിൽ ഇരിക്കാൻതന്നെ മടിക്കുന്നു. ശരീര ത്തിൽ കഷ്ടിച്ച് വസ്ത്രം മാത്രമുള്ള നൂറുക്കണക്കിന് ആളുകൾ നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളതായി ഞാൻ കാണുന്നു. വളരെ കഷ്ടിച്ചാണ് അവർക്ക് പൈജാ മയോ ചാദുറോ ലഭിക്കുന്നത്. അവർക്ക് ഒരു സ്വത്തുമി ല്ല. എന്നാൽ, ഇടയ്ക്കിടെ പ്രകടമായിക്കൊണ്ടിരിക്കുന്ന അവരുടെ അതിരറ്റ ആത്മാർത്ഥതയും വിശ്വാസവും സ്നേഹവും കൂറും കാണുമ്പോൾ മനസ്സ് ആശ്ചര്യപ്പെ ട്ടുപോകുന്നു. അതിന്റെ ലക്ഷണങ്ങൾ അവരുടെ മുഖ ങ്ങളിലൂടെ നിർഗ്ഗളിക്കുന്നു. അവർ ഈമാനിൽ അടിയു റച്ചവരാണ്. ദൃഢവിശ്വാസത്തിൽ സത്യവാന്മാരാണ്. സത്യസന്ധതയിലും പവിത്രതയിലും ആത്മാർത്ഥതയും കൂറും പുലർത്തുന്നവരാണ്. എത്രത്തോളമെന്നാൽ, ഈ സമ്പന്നരും ഭൗതികസുഖാഢംബരങ്ങളിൽ ലയിച്ചുകി ടക്കുന്നവരുമായ ആളുകൾ, അത്തരക്കാർ അനുഭവി ക്കുന്ന നിർവൃതി അറിഞ്ഞിരുന്നുവെങ്കിൽ, അതിനു പകരം തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം നല്കാൻ തയ്യാറാകുമായിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഇത്തരത്തിൽ സ്നേഹിക്കുന്നവരെ നല്കിയിരിക്കുന്നു. അവരെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) കാലേക്കൂട്ടി പറഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖിലാഫത്തിനെക്കുറിച്ചുള്ള ഈ വാഗ്ദാനം നിങ്ങളെ സംബന്ധിച്ചാണെന്ന് പറഞ്ഞിരി ക്കുന്നു. ഭാവിയിൽ വരാൻ പോകുന്നവരുടെ മനസ്സുക ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹ ത്തിനോടൊപ്പം ഖിലാഫത്തിനോടുള്ള സ്നേഹവും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. ആഫ്രിക്കയിലെ ഈ പ്രകാശമാനമായ ഹൃദയങ്ങളുടെ സ്നേഹം, നിങ്ങൾ കാണുകയും ചെയ്തു.

ഇനി ഞാൻ വളരെ ചുരുക്കി ചില സംഭവങ്ങൾ പറ യാം. ഏറ്റവുമാദ്യം ഞാൻ പോയത് ഘാനയിലായിരു ന്നു. ഘാനയിൽ എയർപോർട്ടിൽവച്ചുള്ള സ്വീകരണം നിങ്ങൾ കണ്ടുകഴിഞ്ഞതാണ്. രാത്രിയിൽ അവിടെ കൂടി യിരുന്ന അഹ്മദികളുടെ ആവേശം ക്യാമറയ്ക്ക് നിങ്ങളെ കാണിക്കാൻ കഴിഞ്ഞിട്ടുണ്ടാകും. പക്ഷേ, ആ ജനസഹസ്രങ്ങളുടെ കണ്ണുകളിൽനിന്നുതിർന്ന സ്നേഹം അവിടെ സന്നിഹിതരായവരെ കണ്ടിട്ടുള്ളൂ. ഘാനയുടെ തലസ്ഥാനമായ അക്രയിലാണ് നമ്മുടെ ഹെഡ്ക്വാർട്ടർ സ്ഥിതിചെയ്യുന്നത്. അവിടെയാണ് ഞാൻ ആദ്യം പോയത്. എന്നാൽ, ജൽസ അവിടെ നിന്ന് ഏകദേശം 30, 40 മൈൽ ദൂരെഒരു പുതിയ സ്ഥല ത്താണ് നടക്കേണ്ടിയിരുന്നത്. അതിനാൽ അടുത്ത ദിവസം ആ പുതിയ സ്ഥലത്തേക്ക്- ബാഗെ അഹ്മദി ലേക്ക് പോയി. ഞാൻ പറഞ്ഞു കഴിഞ്ഞതാണ്, 460 ഏക്കർ സ്ഥലം കൃത്യം ഹൈവേയുടെ മീതെയായി അല്ലാഹു നമുക്ക് നല്കിയത് അവന്റെ വലിയ ഔദാര്യ മാണ്. ഇവിടെ ഞാൻ എത്തുന്നതിനുമുമ്പേ, പുരുഷ ന്മാരും, സ്ത്രീകളുമെല്ലാം എത്തിക്കഴിഞ്ഞിരുന്നു. ഒരു പട്ടണം രൂപം കൊണ്ടിരുന്നു. ഘാന ജമാഅത്ത് ഈ സ്ഥലം വളരെ പ്ലാനിങ്ങിലൂടെ വികസിപ്പിച്ചെടുത്തിരി ക്കുന്നു. റോഡുകളും മറ്റും നിർമ്മിച്ചിരിക്കുന്നു. എവിടേ ക്കും സുഗമമായി എത്താൻ കഴിയും. കുറ്റിക്കാടും, പുല്ലും മറ്റും വെട്ടി വൃത്തിയാക്കിയിരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിലെ മണ്ണ് വളരെ വളക്കൂറുള്ളതാണ്. അല്പം മഴ പെയ്താൽ, ചെടികൾ മുളച്ചുപൊന്താൻ തുടങ്ങും; ഇവിടെ യൂറോപ്പിലെപോലെ. പഴയൊരു പൗൾട്ടറിഫാം നിലനിന്നിരുന്ന സ്ഥലമാണിത്. ഇതിൽ ഷെഡ് തുടങ്ങി യവയുമുണ്ട്. അത് വൃത്തിയാക്കി, തറയൊക്കെ പുതി യതായി ശരിപ്പെടുത്തി വാതിലുകളും ജനലുകളും പിടി പ്പിച്ച് താമസിക്കാനുള്ള ഏർപ്പാടാക്കിയിരുന്നു. താമസി ക്കാൻ ഞെരുക്കമായിരുന്നെങ്കിൽതന്നെയും ആരും പരാതിപ്പെട്ടില്ല. വൻതോതിലാണ് അഹ്മദികൾ അവിടെ സമ്മേളിച്ചിരുന്നത്. നല്ലവണ്ണം തിന്നും കുടിച്ചും കഴി യുന്ന സമ്പന്നരായവരും, സ്കൂൾ അധ്യാപകരും, മറ്റു

ദ്യോഗസ്ഥന്മാരുമെല്ലാം അവർക്ക് താമസിക്കാനിടം കിട്ടിയില്ലെങ്കിലും വെളിയിൽ തുണി വിരിച്ച് സുഖമായി ഉറങ്ങി. ഇങ്ങനെ നോക്കുമ്പോൾ അവരിൽ വലിയ ക്ഷമ കാണാം.

ഇത്തരത്തിൽപ്പെട്ട ഒന്നുരണ്ടാളുകളോട് ഇതിനെക്കുറിച്ച് ചോദിച്ചപ്പോഴുണ്ടായ അവരുടെ മറുപടി ആരോ എന്നോടു പറഞ്ഞിരുന്നു. അവർ പറഞ്ഞു: "ഞങ്ങൾ ജൽസ പരിപാടികൾ കേൾക്കാൻ വന്നതാണ്. കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിലാണ് ജൽസ നടക്കുന്നത്. രണ്ടു ദിവസത്തെ താൽക്കാലിക ബുദ്ധിമുട്ടുകൊണ്ട് എന്തുസംഭവിക്കാനാണ്. അല്ലാഹു ഈ ജൽസയിൽ പങ്കെടുക്കാൻ ഞങ്ങൾക്ക് അവസരം നല്കിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു."

പുതിയ സ്ഥലവും പങ്കെടുക്കാൻ എത്തിയവർ പ്രതീക്ഷിച്ചതിൽ അധികവുമായ കാരണത്താൽ ചില ഏർപ്പാടുകളിൽ കുറവുകളുമുണ്ടായിരുന്നു. എന്നാൽ, ആരും തന്നെ പരാതിപെട്ടില്ല എന്നതാണ് അത്ഭുതം. സമ്മേളനത്തിൽ ഒരു ലക്ഷത്തിലേറെ ആളുകൾ പങ്കെടുത്തിരുന്നു. കേന്ദ്രാടിസ്ഥാനത്തിൽ ഭക്ഷണശാല നടത്തുന്നതും ആദ്യത്തെ അനുഭവമായി. ഓരോ റീജിയണും, അവരുടെ ആൾക്കാർക്ക് ഭക്ഷണവും മറ്റു കാര്യവും സൗകര്യപ്പെടുത്തിക്കൊടുക്കുകയാണ് അവിടുത്തെ പതിവ്. അവർ നിശ്ചയിക്കുന്ന വളന്റിയർമാരെ അതെല്ലാം ഏല്പിക്കും. ഇപ്രാവശ്യം ഘാനയ്ക്കു വെളിയിൽനിന്ന് അയ്യായിരത്തോളം ആളുകൾ പങ്കെടുത്തിരുന്നു. സ്വന്തം നിലയിൽ അവർ ഭക്ഷണശാല നടത്തിയിരുന്നുവെങ്കിലും നടത്തിപ്പിൽ ചില പോരായ്മകൾ ഉണ്ടായി.

ബുർക്കിനോഫാസ്സോയിൽനിന്ന് വന്ന ചിലയാളുകൾക്ക് ഭക്ഷണം കിട്ടിയില്ല എന്ന് ഒരു ദിവസം ഞാനറിഞ്ഞു. ബുർക്കിനോഫാസോയിൽനിന്ന് ഏകദേശം മൂവായിരത്തോളം ആളുകൾ പങ്കെടുത്തിരുന്നു. ഏറ്റവും കൂടുതൽ ആളുകൾ വന്നത് അവിടെനിന്നാണ്. ഇത് ഘാനയുടെ ഒരു അയൽരാജ്യമാണ്. മുന്നൂറ് ഖാദിമീങ്ങൾ 1600 കിലോമീറ്റർ സൈക്കിളിൽ യാത്ര ചെയ്താണ് ജൽസയിൽ പങ്കെടുക്കാൻ എത്തിയത്. 'ഭക്ഷണം കിട്ടാത്തവരോട് ഖേദം പ്രകടിപ്പിക്കാൻ' ഞാൻ അവിടുത്തെ മുബല്ലിഗിനോട് പറഞ്ഞു. ഇനി ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചു. അദ്ദേഹം ചെന്ന് ഖേദം പ്രകടിപ്പിച്ചപ്പോൾ അവർ പറഞ്ഞ മറുപടി, 'ഞങ്ങൾ എന്തിനുവേണ്ടിയാണോ വന്നത്, അത് ഞങ്ങൾക്ക് കിട്ടിയിരിക്കുന്നു. ഭക്ഷണം നിത്യവും തിന്നുന്നതല്ലേ? പക്ഷേ, ഇപ്പോൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന ആഹാരം, അതെപ്പോഴും എവിടെന്ന് കിട്ടാനാണ്' എന്നായിരുന്നു.

ബുർക്കിനോഫാസ്സോയിലെ ജമാഅത്ത് വളരെ പഴയ ജമാഅത്തൊന്നുമല്ല. മിക്കവരും കഴിഞ്ഞ 10,15 വർഷത്തിനുള്ളിൽ ബയ്അത്ത് ചെയ്തവരാണ്. എന്നാൽ, ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും സ്നേഹത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കുന്ന ജമാഅത്താണത്.

ദാരിദ്ര്യം എത്രമാത്രമാണെന്നുവെച്ചാൽ, ചിലയാളുകൾ ഒരൊറ്റ ജോടി വസ്ത്രത്തിലാണ് വന്നത്. 'കഷ്ടിച്ച് ശരീരത്തിൽ വസ്ത്രമുള്ളവർ' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ. പക്ഷേ, എങ്ങനെയൊക്കെയോ പൈസ കൂട്ടിവച്ച് അവർ അവിടെയെത്തി. കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ ഖിലാഫത്ത് ജൂബിലി ജൽസ നടക്കുന്നു, അതിൽ എന്തായാലും പങ്കെടുക്കണമെന്ന ഒരൊറ്റ വികാരമാണ് അതിന്റെ പിന്നിലുണ്ടായിരുന്നത്. ഇത്തരം സ്നേഹം അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് ഉണ്ടാക്കാൻ കഴിയുക. സൈക്കിളിൽ യാത്ര ചെയ്തുവന്ന ഖാദിമീങ്ങളുടെ ആത്മാർത്ഥതയും നിങ്ങളൊന്ന് ചിന്തിക്കുക. ഏഴു ദിവസം തുടർച്ചയായി സഞ്ചരിച്ച് വിവിധ സ്ഥലങ്ങൾ താണ്ടിയാണ് അവർ എത്തിയത്. ഇവരിൽ 50 മുതൽ 60 വയസ്സുവരെ പ്രായമുള്ള അൻസ്വാറുകളും 13ഉം 14 ഉം വയസ്സുള്ള രണ്ട് കുട്ടികളും ഉണ്ടായിരുന്നു. ബുർക്കിനോ ഫാസോയിലെ അമീർ ആ കുട്ടികളോട്, 'ദീർഘമായയാത്രയാണ് അതുകൊണ്ട് നിങ്ങൾ വരണ്ട' എന്നു പറഞ്ഞു. അവർ വളരെ ദുഃഖിതരായി. അമീർ സാഹിബിൽനിന്ന് അനുവാദം വാങ്ങിത്തരിക എന്നു പറഞ്ഞ് ഖായിദിന്റെയും മുഅല്ലിമിന്റെയും പിന്നാലെ അവർ കൂടി. 'തങ്ങളെ കൊണ്ടുപോയില്ലെങ്കിൽ തങ്ങളുടെ നാട്ടിലേക്ക് തിരിച്ചുപോകില്ല' (ദൂരെയുള്ള ജമാഅത്തിൽനിന്ന് വന്നവരാണവർ) എന്നും പറഞ്ഞു. അവസാനം ആ കുട്ടികൾക്ക് അനുവാദം നല്കി. അവർ വളരെ സന്തോഷത്തോടെ യാത്ര പൂർത്തിയാക്കി. അവിടുത്തെ ഖുദ്ദാമുൽ അഹ്മദിയ്യാ സദ്ർ അബ്ദുർറഹ്മാൻ സാഹിബിനോട് ആരോ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ആദ്യകാല മുസ്ലിംകൾ ഇസ്ലാമിനുവേണ്ടി അതിരില്ലാതെ ത്യാഗങ്ങൾ ചെയ്തു. ഞങ്ങളുടെ ഖുദ്ദാമും എല്ലാതരം ത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട്, ഞങ്ങളുടെ ആത്മാർത്ഥതയും കൂറും ഖിലാഫത്തുമായി ചേർന്ന് പ്രകടമാകുംവിധം എന്തെങ്കിലും പ്രവൃത്തി ചെയ്യണമെന്നത് ഞങ്ങളുടെ ആഗ്രഹമായിരുന്നു. ഞങ്ങൾ ത്യാഗങ്ങൾ ചെയ്യാനും വെല്ലുവിളികളെ നേരിടാനും തയ്യാറാണെന്ന് പ്രവൃത്തിയിലൂടെ പറയുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അങ്ങനെ സൈക്കിളിൽ യാത്രചെയ്ത് ഘാന ജൽസയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് നല്കാൻ ആവശ്യപ്പെട്ടു. ഖുദ്ദാം അതിനു തയ്യാറായി. 1435 ഖാദിമീങ്ങൾ പേരെഴുതിച്ചു. പക്ഷേ, ചില സാങ്കേതികമായ കാരണങ്ങളാൽ 300 പേരെ തിരഞ്ഞെടുക്കുകയായിരുന്നു.' ഇവർ പുതിയ സൈക്കിളിലൊന്നുമല്ല യാത്ര ചെയ്തുവന്നത്. പഴയതും തുരുമ്പിച്ചതുമായ സൈക്കിളായിരുന്നു മിക്കതും. ചിലതിന് ബ്രേക്കില്ല. ചിലതിന്റെ

ടയർ തേഞ്ഞ് തേഞ്ഞ് ഇല്ലാത്തതിന് തുല്യമായിരുന്നു. പല പ്രാവശ്യം ട്യൂബുകൾ പഞ്ചറായിരുന്നു. പക്ഷേ, ആവേശവും ഉൽക്കടമായ ആഗ്രഹവും അവരിൽ തുടിച്ചിരുന്നു. നബി(സ) പ്രവചിച്ച ആ അനശ്വരമായ അഹ്മദിയ്യാ ഖിലാഫത്തിനോട് ആത്മാർത്ഥതയും സ്നേഹവും അവരിലുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്.

മാധ്യമങ്ങൾ ഇതെങ്ങനെയാണ് നോക്കിക്കണ്ടത്. ടി.വി. പ്രതിനിധി ഇവരോട് ചോദിച്ചു: സൈക്കിളുകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരമാണ്. എങ്ങനെയാണ് നിങ്ങളിതിൽ ഇത്രദൂരം യാത്രചെയ്തു വന്നത്? സൈക്കിൾ യാത്രക്കാരുടെ പ്രതിനിധി പറഞ്ഞു: സൈക്കിളിന്റെ അവസ്ഥ അങ്ങേയറ്റം ദുർബലമാണ്, പക്ഷേ, ഈമാനും ദൃഢനിശ്ചയവും ശക്തമാണ്. ഖിലാഫത്ത് നല്കി അനുഗ്രഹിച്ചതിന് അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് ഞങ്ങൾ ഈ യാത്ര സ്വീകരിച്ചിരിക്കുകയാണ്." നാഷണൽ ടി.വി. ഈ വാർത്ത സംപ്രേഷണം ചെയ്തപ്പോൾ, അത് തുടങ്ങിയതിങ്ങനെയായിരുന്നു. "അല്ലാഹുവിനുവേണ്ടി ഖിലാഫത്ത് ജൂബിലിയിൽ പങ്കെടുക്കാൻ അവാദയിൽനിന്ന് അക്രവരെ സൈക്കിൾ യാത്ര. ദുർബലമായ സൈക്കിളുകൾ; പക്ഷേ, ഈമാൻ വൻകരുത്തുള്ളത്." ടി.വിയിൽ ആ സൈക്കിളുകളുടെ പരിതാപകരമായ അവസ്ഥയും കാണിച്ചിരുന്നു. കുറച്ച് ഖാദിമീങ്ങളോട് അവർ ചില ചോദ്യങ്ങളും ചോദിച്ചിരുന്നു. എന്തിനാണ് പോകുന്നതെന്നും മറ്റും. ഒരു ഖാദിം പറഞ്ഞു: "എന്റെ ഖലീഫയെ കാണാനാണ്." മറ്റൊരാൾ പറഞ്ഞു: "അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലിയുടെ പരിപാടിയിൽ ഞങ്ങളുടെ ഖലീഫ പങ്കെടുക്കുന്നു, അതിൽ പങ്കുകൊള്ളാൻ പോകുകയാണ്." ഇതാണ് അവരുടെ വികാരങ്ങൾ. ഈ അഹ്മദികൾ, ജന്മനാ അഹ്മദികളല്ല. സ്വഹാബിമാരുടെ സന്താനപരമ്പരയിൽപെട്ടവരുമല്ല. ആയിരക്കണക്കിന് മൈൽ ദൂരെ, ഇതിന് ഉറപ്പായിട്ടുള്ള റോഡ് പോലുമില്ലാത്ത സ്ഥലവാസികളാണ് ഇവർ. ഇവരിൽ ചിലർ കുറച്ചുവർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചവരാണ്. അവിടങ്ങളിൽ വൈദ്യുതിയുടേയോ ജലത്തിന്റേയോ സൗകര്യം പോലും ഇല്ല. ഇപ്പോൾ ചില സ്ഥലങ്ങളിൽ കണക്ഷൻ ലഭിക്കാൻ തുടങ്ങിയിട്ടുണ്ട്; എം.ടി.എ ചാനൽ മുഖേന ബന്ധം നിലനില്ക്കാൻ വേണ്ടിയാണിത്. ചില സ്ഥലത്ത്, ദാരിദ്ര്യവും ആത്മാർത്ഥതയും ഇവരുടെ അവസ്ഥതന്നെ ആകപ്പാടെ മാറ്റിയിരിക്കുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സത്യസന്ധനായ ദാസന്റെ ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം ഇവരിലുണ്ടായ ആത്മാർത്ഥത നോക്കുക. ദീനീപരമായ പ്രശ്നം പൊങ്ങിവരുമ്പോൾ, ഇവരുടെ നിശ്ചയബുദ്ധി, പാറപോലെ ശക്തമാകുന്നു. എന്തു ത്യാഗത്തിനും ഇവർ തയ്യാറാണ്. ഇവരിൽ സ്നേഹം നിറഞ്ഞുകവിഞ്ഞിരിക്കുന്നു. അല്ലാഹു ഇവരുടെ ആത്മാർത്ഥതയും കൂറും വളർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

ബുർക്കിനോഫാസോയിലെ ഒരു സ്നേഹിതനായ ഈസാ ശ്യാമാ സാഹിബ് പറഞ്ഞു: "ഞാൻ 2005-ലാണ് ബയ്അത്ത് ചെയ്തത്. (അതായത് മൂന്നു വർഷം മുമ്പേയാണ് അദ്ദേഹം അഹ്മദിയായത്). ഇന്നാണ് ഞാനെന്താണെന്ന് എനിക്ക് മനസ്സിലായത്! ഞാൻ എത്ര ഭാഗ്യവാനാണെന്ന്! എന്താണ് ഞാൻ നേടിയതെന്ന്! എന്റെ സന്തോഷം വിവരണാതീതമാണ്." ഖിലാഫത്തിനോടുള്ള ചിലരുടെ സ്നേഹം കണ്ണീരിന്റെ രൂപത്തിൽ അവരുടെ കണ്ണുകളിൽനിന്ന് ഒഴുകുന്നുണ്ടായിരുന്നു. ചില നിർഭാഗ്യരായ ആളുകൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. മിർസാ സാഹിബ് എന്താണ് കൊടുത്തതെന്ന് അവർ ചോദിക്കുന്നു. അത്തരക്കാർ ഈയാളുകളെ നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്ലാഹു, അവരുടെ മനസ്സുകളിൽ എന്തു വിപ്ലവമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഖലീഫത്തുൽ മസീഹിനോടും വിവരണാതീതമായ സ്നേഹമാണ് അവരുടെ ഉള്ളിൽ ഉണ്ടാക്കിയിട്ടുള്ളത്.

ഗാംബിയായിൽനിന്ന് 22 പേരടങ്ങുന്ന ഒരു സംഘം വന്നിരുന്നു. ദാരിദ്ര്യം കാരണം, വിമാനത്തിൽ സഞ്ചരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. ബസ് യാത്ര ചെയ്താണ് അവർ വന്നത്. സെനിഗാൾ, മാലി, ബുർക്കിനോഫാസോ എന്നീ മൂന്ന് വലിയ വലിയ രാജ്യങ്ങൾ താണ്ടിയാണ് അവർ എത്തിയത്. 5 ദിവസം കൊണ്ട് 7000 കിലോമീറ്റർ, ബസ്സിൽ യാത്ര ചെയ്ത് ഇവർ ഘാനയിലെത്തി. യാത്രയുടെ ക്ഷീണം അവരെ ശരിക്കും ബാധിച്ചിരുന്നു. ഈ രാജ്യങ്ങളിലുള്ള റോഡുകളും നിലവാരമുള്ളതല്ല. ബസ്സുകളുടെ അവസ്ഥയും അതുപോലെതന്നെ. ആഫ്രിക്കയിൽ സഞ്ചരിച്ചിട്ടുള്ളവർക്ക് ഇത് അറിയാം. പക്ഷേ, ഇവർ ജൽസാഗാഹിലെത്തിയപ്പോൾ, വിശ്രമിക്കാനുള്ള സ്ഥലം കണ്ടെത്തുന്നതിനു പകരം, നേരെ നമസ്കരിക്കുന്ന സ്ഥലത്തെത്തി. കാരണം നമസ്കാരത്തിന്റെ സമയമായിരുന്നു അപ്പോൾ. മുഹമ്മദീ മസീഹിന്റെ ആ ദാസന്മാരുടെ മുഖത്ത്, തങ്ങൾ ദീർഘവും ദുർഘടവുമായ വഴികളിലൂടെയാണ് യാത്ര ചെയ്തു വന്നതെന്ന പ്രകടനം ഉണ്ടായിരുന്നില്ല.

വിശദമായ റിപ്പോർട്ട് പിന്നീട് 'അൽഫള്ലിൽ' പ്രസിദ്ധീകരിക്കുന്നതാണ്. അവസരം കിട്ടുന്നവർ അത് വായിക്കുക. ഐവറികോസ്റ്റിൽനിന്ന് ഏകദേശം ആയിരത്തിലേറെയാളുകൾ അടങ്ങുന്ന സംഘം ദീർഘവും ദുർഘടവുമായ യാത്ര ചെയ്ത് ഘാനയിലെത്തി. പക്ഷേ, ആത്മാർത്ഥതയും ആത്മാർപ്പണ സന്നദ്ധതയും സ്നേഹവും അവരുടെ മുഖത്ത് ഒരുതരത്തിലുള്ള ക്ഷീണത്തിന്റെ ലക്ഷണവും വരാൻ അനുവദിച്ചില്ല.

അല്ലാഹു ചില തദ്ദേശീയരായ അഹ്മദികൾക്ക്, ദരിദ്രരായ പല അഹ്മദികളുടേയും യാത്രാചെലവ് വഹിക്കാൻ തൗഫീഖ് നല്കി; അവരുടെ അവസ്ഥ കണ്ടിട്ട്. ജൽസയിൽ പോകാൻ അവർ വെമ്പൽകൊള്ളുകയാ

യിരുന്നു. വഴി ചെലവ് ഇല്ലാത്ത കാരണത്താൽ, അവരെ വിലക്കുമ്പോൾ അവരുടെ കണ്ണുകളിലൂടെ കണ്ണീർ ഒഴുകാൻ തുടങ്ങി. ഈയാളുകളുടെ ആത്മാർത്ഥതയേയും സ്നേഹത്തേയും നേരിടാൻ ആരുണ്ട്?

ഖിലാഫത്ത് ജൂബിലിയുടെ ജൽസയിൽ പങ്കെടുക്കാൻ ഈ ദരിദ്രരായവർ എന്തെന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്. ഇതു സംബന്ധമായ ഒന്നുരണ്ട് സംഭവങ്ങൾ കേൾക്കുക. ദിംഗ്റോ റീജിയണിലെ (ഐവറികോസ്റ്റ്) ഒരു ജമാഅത്ത്, ഖിലാഫത്തിന് നൂറുവർഷം തികയുന്നതുകൊണ്ട്, തങ്ങളുടെ ഗ്രാമത്തിൽനിന്ന് നൂറാളുകൾ ഘാന ജൽസസാലാനയിൽ പങ്കെടുക്കണമെന്ന് തീരുമാനിച്ചു. ഇവർ അങ്ങേയറ്റം ദരിദ്രരാണ്. പക്ഷേ, ഇവരുടെ ദൃഢനിശ്ചയത്തിന്റെ മുമ്പിൽ പർവ്വതംപോലും ഒന്നുമല്ലാതായി. ഘാന ജൽസ സാലാന നടക്കുന്നതിന് ആറുമാസം മുമ്പേ, അതിൽ പങ്കെടുക്കുന്നതിനായി ഒരു വിളവിറക്കാൻ അവർ തീരുമാനിച്ചു. അങ്ങനെ അവർ വിത്തുവിതച്ചു. അതിൽനിന്നുള്ള വരുമാനം മുഴുവൻ ജൽസയ്ക്ക് പോകുമ്പോഴുള്ള യാത്രാച്ചെലവിനായി ഉപയോഗിക്കാനാണ്. അല്ലാഹുതആല സത്യവിശ്വാസിയുടെ മേൽ സ്നേഹദൃഷ്ടി പതിപ്പിക്കുന്നു. അവൻ അവരുടെ കൃഷിയിൽ ബർക്കത്തിട്ടു. അതിൽനിന്ന് അവരുദ്ദേശിച്ചതിനേക്കാൾ വരുമാനം കിട്ടി. നൂറുപേർക്കു പകരം 103 ആളുകൾ അവിടെനിന്ന് വന്നിരിക്കുന്നു.

ഐവറികോസ്റ്റിലെ മറ്റൊരു ഗ്രാമത്തിൽനിന്ന് 57 ആളുകൾക്ക് ഈ ഐതിഹാസികമായ ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടി. അവരിൽ 23 സ്ത്രീകളായിരുന്നു. അവർ കടം വാങ്ങിയിട്ടാണ് വന്നത്. തങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയുണ്ടെന്ന് അവർ പറഞ്ഞു, 'ഈ അനുഗൃഹീതമായ യാത്രയുടെ ബർക്കത്തുകൊണ്ട്, ഞങ്ങളുടെ വയലുകളിൽ അല്ലാഹു ബർക്കത്തിടുന്നതാണ്. ഞങ്ങളുടെ കടം തീരുംവിധം അതിൽനിന്ന് വരുമാനം കിട്ടും. ഞങ്ങളുടെ മറ്റാവശ്യങ്ങളും അതുമുഖേന പൂർത്തിയാകും.'

ഒരു റീജിയണിലെ 12,13 വയസ്സുള്ള രണ്ടു പെൺകുട്ടികൾ യാത്രാചെലവിനുള്ള വിഹിതം കൊടുക്കാൻ വന്നു. ഖലീഫത്തുൽ മസീഹ് ഘാനയിൽ വരുന്നു എന്ന് കേട്ട ദിവസം മുതൽ, ഞങ്ങൾ വയലിൽ പണിയെടുക്കാൻ തുടങ്ങിയെന്ന് അവർ പറഞ്ഞു. തങ്ങളെപ്പോലുള്ള ദരിദ്രരായ ആളുകൾ ഖലീഫത്തുൽ മസീഹിനെ കണ്ട്, അനുഗ്രഹം പറ്റുന്നവരായിമാറണം എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. തങ്ങളുടെ യാത്രാചെലവിനുള്ള പണമെന്നു പറഞ്ഞ്, അവർ ആ തുക സംഘാടകരെ ഏല്പിച്ചു.

ഐവറികോസ്റ്റിലെ ഹബീബ എന്നുപേരായ ഒരു സ്ത്രീ ജൽസയിൽ പങ്കെടുക്കാൻ വന്നു. അവർക്ക് കഠിനമായ രോഗം ബാധിച്ചിരുന്നു. ടി.ബിപോലുള്ള എന്തോ രോഗമായിരുന്നു. അവരുടെ ഭർത്താവും സഹോദരനും പറഞ്ഞു: ജൽസയ്ക്ക് പുറപ്പെടുന്നതിനു മുമ്പേ അവർ തന്റെ വീട്ടുകാരോട് താൻ ഖിലാഫത്ത്ജൂബിലിയുടെ ജൽസയിൽ പങ്കെടുക്കാൻ പോകുകയാണെന്ന് പറഞ്ഞു. തിരിച്ചുവരികയില്ല എന്നാണ് തനിക്കു തോന്നുന്നതെന്നും അതുകൊണ്ട് തന്റെ തെറ്റുകളെല്ലാം മാപ്പാക്കിത്തരണമെന്നും അപേക്ഷിച്ചു. രോഗം ശരിക്കും മൂർച്ഛിച്ചിരുന്നു. ഇവിടെ വന്നപ്പോൾ രോഗം അധികമായി. ഞാനുമായി കൂടിക്കാഴ്ച നടന്നിരുന്നു. ഒരു ദിവസത്തിനുശേഷം അവർ വഫാത്തായി. ഞാനവരുടെ ജനാസ നമസ്കരിച്ചു. ഇവിടെതന്നെ ഖബ്റടക്കി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

സ്ത്രീകളുടേയും കുട്ടികളുടേയും മുതിർന്നവരുടേയും ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്; അവരുടെ ആത്മാർത്ഥത, അവരുടെ സ്നേഹം. സമയം അധികമായി 1/300 ഭാഗംപോലും ഞാൻ പറഞ്ഞിട്ടുണ്ടാകുകയില്ല; ചില വികാരപ്രകടനം വാക്കുകളിലൂടെ വിവരിക്കാനും സാധ്യമല്ല. ഘാനക്കാരും തങ്ങളെക്കുറിച്ച് പറയുന്നില്ലല്ലോ എന്ന പ്രതീക്ഷയിൽ ഇരിക്കുന്നുണ്ടാകും; ജൽസ ഘാനയുടേതായിരുന്നു.

ഘാനയെ സംബന്ധിച്ച് ഞാനെന്റെ പ്രസംഗങ്ങളിൽ പറഞ്ഞുകഴിഞ്ഞതാണ്. ഖിലാഫത്തിനോടുള്ള അവരുടെ സ്നേഹം, മുഹമ്മദീ മസീഹിനോടുള്ള പ്രേമം അത് മറ്റുള്ളവർക്ക് ഒരു മാതൃകയായിക്കൊണ്ട് ഓരോ പര്യടനവസരത്തിലും തിളച്ചുപൊന്തിവരുന്നു. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സമുദ്രമാണ് ഘാന. ഇതിനു മുമ്പിൽ ആർക്കും പിടിച്ചുനില്ക്കാൻ സാധിക്കുകയില്ല. ഞാനോർക്കുകയാണ്, 1980-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ഘാനയിൽ പര്യടനം നടത്തിയ സന്ദർഭത്തിൽ ഞാൻ അന്ന് ഘാനയിലുണ്ടായിരുന്നു. ഹുസൂർ(റഹ്) നൈജീരിയായിൽനിന്നാണ് ഘാനയിൽ വന്നത്. നൈജീരിയായിൽ വളരെ ഉഗ്രൻ സ്വീകരണമായിരുന്നു. അൽഫള്ലിന്റെ എഡിറ്ററായ ബഹുമാനപ്പെട്ട മസ്ഊദ് ദഹ്ലവി സാഹിബ്, ഹുസൂറിന്റെ ഒപ്പം ഉണ്ടായിരുന്നു. റിപ്പോർട്ടുകൾ അദ്ദേഹം തയ്യാറാക്കിയിരുന്നു. നൈജീരിയായുടെ സ്വീകരണം കണ്ടുകൊണ്ട് അദ്ദേഹം, 'ആയിരക്കണക്കിനാളുകളുടെ ഉജ്ജ്വലവും മാതൃകാപരവുമായ സ്വീകരണം' എന്നൊക്കെ എഴുതി. ഘാനയിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ കരുതിയത് നൈജിരിയായിലെ സ്വീകരണം ഏറ്റവും ഉജ്ജ്വലമാണെന്നാണ്. പക്ഷേ, ഘാനയിലെ സ്വീകരണം കണ്ടപ്പോൾ ഞാൻ വിഷമിച്ചുപോയി. അവസാനം 'അഹ്മദി സ്ത്രീ പുരുഷന്മാരുടെ അലയടിച്ചുയർന്ന സമുദ്രം' എന്ന് എഴുതാൻ ഞാൻ നിർബന്ധിതനായി.

ഘാനയിലെ ജമാഅത്ത് യഥാർത്ഥത്തിൽ അലയടിച്ചുയരുന്ന ഒരു സമുദ്രമാണ്. ഖിലാഫത്തിനോടുള്ള സ്നേഹം ഇവരുടെ ഹൃദയങ്ങളിൽനിന്ന്, കണ്ണുകളിൽനിന്ന്, മുഖങ്ങളിൽനിന്ന്, ശരീരത്തിന്റെ ഓരോ അവയ

വങ്ങളിൽനിന്ന് ഇറ്റിറ്റുവീഴുന്നു. ഇപ്പോൾ ഘാന ജമാഅത്തിൽ ധാരാളം പുതിയ അഹ്മദികൾ ചേർന്നിട്ടുള്ളതു കൊണ്ട്, കൂടുതൽ വികസിച്ചിരിക്കുകയാണ്. പഴയ അഹ്മദികളുടെ നല്ല സ്വാധീനത്താൽ, ഇവരും ആ മുമ്പേയുള്ളവരുടെ ആത്മാർത്ഥതയിലും കൂറിലും വിഭൂഷിതരാകുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഞാൻ പറഞ്ഞതുപോലെ, ഇപ്രാവശ്യം പുതിയ സ്ഥലത്താണ് ജൽസ നടന്നത്. ഇത്ര വലിയ ജൽസ ആദ്യമായിട്ടാണ് ഇവിടെ നടന്നത്. ഒരു ലക്ഷത്തിലേറെയാളുകൾ പങ്കെടുത്തിരുന്നു. എൺപത്തിമൂവായിരമാളുകളുടെ രജിസ്ട്രേഷനാണ് നടന്നത്. പിന്നീട് വന്നവരെ രജിസ്റ്ററിൽ ചേർക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. ആയിരക്കണക്കിന് സ്ത്രീകളും പുരുഷന്മാരും വീണ്ടും വന്നു. കുട്ടികളെ രജിസ്റ്റർ ചെയ്യാറുമില്ല.

ജുമുഅയിൽ പങ്കെടുത്ത ജനസമുദ്രം ലോകം കണ്ടു കഴിഞ്ഞതാണ്. ഹജ്ജിനുശേഷം ഇത്രവലിയ ജനക്കൂട്ടം താൻ ആദ്യമായാണ് കാണുന്നതെന്ന് ഐവറികോസ്റ്റിൽനിന്ന് വന്ന ഒരു സ്നേഹിതൻ പറഞ്ഞു. ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ, ഞാനിവരെ നോക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ ഈ സമ്മാനം എം.ടി.എ പ്രവർത്തകർക്ക് അവരുടെ ചാനൽ മുഖേന പൂർണ്ണമായും ലോകത്തിന് കാണിക്കാൻ കഴിയുമോ എന്നെനിക്ക് തോന്നിയിരുന്നു. പക്ഷേ, അൽഹംദുലില്ലാഹ് ഇവിടെനിന്ന് കൂടെവന്നിരുന്ന നമ്മുടെ എം.ടി.എയുടെ പ്രവർത്തകരായ കുട്ടികൾ തങ്ങളുടെ വൈദഗ്ദ്ധ്യം നല്ല ആത്മാർത്ഥതയോടെ പ്രകടിപ്പിച്ചു. ഒരു ലോകംതന്നെ അത് കാണുകയും ചെയ്തു. അവർക്കും ഇതിൽ വലിയ പങ്കുണ്ട്. അല്ലാഹു അവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ.

ഘാനക്കാരുടെ ഒരു നല്ല ഗുണം നിങ്ങൾ ജുമുഅയുടെ അവസരത്തിൽ കണ്ടിട്ടുണ്ടാകും. വളരെ ക്ഷമയോടും ശാന്തതയോടും വിനയത്തോടംകൂടി വെയിലത്തിരുന്നുകൊണ്ട് അവർ ഖുത്ബ കേട്ടുകൊണ്ടിരുന്നു; ഏകദേശം ഒരു മണിക്കറോളം; ഈ സൽഗുണം മാത്രമല്ല മറിച്ച് തഹജ്ജുദ് നമസ്കാരത്തിലും സുബ്ഹി നമസ്കാരത്തിലും ജുമുഅ നമസ്കാരത്തിന് കണ്ടതുപോലെ മൈതാനം നിറഞ്ഞിരുന്നു. ശനിയാഴ്ചയായിരുന്നു സമാപന ദിവസം. അന്ന് അവധിയായിരുന്നു. അന്ന് കൂടുതൽ ആളുകൾ വന്നിട്ടുണ്ടാകും. രാവിലെ ഞാൻ നമസ്കാരത്തിനായി പോയപ്പോൾ, അവിടെ കൂടിയിരുന്ന സ്ത്രീകളേയും കുട്ടികളേയും കണ്ട് അത്ഭുതപ്പെട്ടുപോയി; കാരണം അവർ ജുമുഅയ്ക്ക് പങ്കെടുത്തവരെക്കാൾ അധികമായി എനിക്ക് തോന്നി. സ്ത്രീകളുടെ ആവേശവും അപാരമായിരുന്നു. നമസ്കാരത്തിനുശേഷം, ഞാൻ താമസിക്കുന്നിടത്തേക്കുള്ള ഒരു കി. മീറ്റർ ദൂരം- വാഹനത്തിലാണ് ഞാൻ പോയിരുന്നത്- വാഹനം ഇഴഞ്ഞാണ് നീങ്ങിയത്. ഇരുവശത്തും സ്ത്രീകളും പുരുഷന്മാരും നില്പുണ്ടായിരുന്നു. കുട്ടികളെ അവർ എടുത്തുകൊണ്ടാണ് നിന്നിരുന്നത്. അവരെക്കൊണ്ട് സലാം ചൊല്ലിച്ചിരുന്നു. കൂടെപിറപ്പായ രണ്ടു സഹോദരിസഹോദരന്മാരെപ്പോലെ, അല്ലെങ്കിൽ സഹോദരനും സഹോദരനും പരസ്പരം കാണുന്നതുപോലെ സ്നേഹം ഇറ്റിറ്റു വീണിരുന്നു.

ഇതാണ് ഘാനക്കാരായ സ്ത്രീകൾ. പുരുഷന്മാരും. കുറഞ്ഞത് അമ്പതിനായിരത്തോളം സ്ത്രീകൾ ഈ ജൽസയിൽ പങ്കെടുത്തിട്ടുണ്ടാകും. ഖിലാഫത്തിനോടുള്ള സ്നേഹവും ആത്മാർത്ഥതയും പോലെതന്നെ തങ്ങളുടെ നമസ്കാരത്തേയും സംരക്ഷിക്കാൻ അവർക്കറിയാമായിരുന്നു. അവർ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇക്കൂട്ടരോടാണ് അല്ലാഹു ഖിലാഫത്ത് അനശ്വരമായി നല്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളത്. ഇത്തരം ഉമ്മമാർ ജന്മം കൊണ്ടിരിക്കുവോളം, ഖിലാഫത്തിനോടുള്ള സ്നേഹം തലമുറ തലമുറയായി കൈമാറിക്കൊണ്ടേപോകും.

ഘാനയിൽ ഭക്ഷണശാലയിലെ കാര്യങ്ങൾ നോക്കിയിരുന്നതും സ്ത്രീകളായിരുന്നു. മറ്റു സ്ഥലങ്ങളിൽ പുരുഷന്മാരാണ് ലങ്കർ നോക്കിനടത്തുന്നത്. അവിടെ സ്ത്രീകളായിരുന്നു നോക്കിയിരുന്നത്. ഞാനൊരു ദിവസം സുബ്ഹി കഴിഞ്ഞ് ഒരുക്കങ്ങൾ നോക്കിക്കാണുന്നതിനുവേണ്ടി പോയി. താമസസ്ഥലം അടുത്തായിരുന്നതുകൊണ്ട് മറ്റു സ്ത്രീകളും ഞാൻ ചെല്ലുന്ന വിവരം അറിഞ്ഞു. അവരും വന്നു. ലങ്കറിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ഒരുപാടായിരുന്നു. ആകാശം പൊട്ടിക്കീറുംവിധമുള്ള ശബ്ദത്താൽ, അവർ ആവേശത്തോടെ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. ലങ്കർ കാണാൻ പോയ ഞാൻ അല്പം മുമ്പോട്ടുനീങ്ങി. അപ്പോൾ ഈ ആവേശം അവിടെ നില്ക്കാതെ അണപൊട്ടിയൊഴുകുമെന്ന് എനിക്കും മനസ്സിലായി. അടുപ്പും തീയുമൊക്കെ മറന്നുകൊണ്ടുള്ള ആ ആവേശം ആർക്കെങ്കിലും അപകടം ഉണ്ടാക്കുമോ എന്നു കരുതി ഞാൻ തിരിച്ചുപോന്നു.

ഖുദ്ദാമിന്റെ ക്ഷമയും അവരുടെ പ്രവർത്തനങ്ങളും വളരെ നിലവാരമുള്ളതായിരുന്നു. ജൽസാഗാഹിൽ ഒരു ദിവസം ശക്തമായ കാറ്റും മഴയും ഉണ്ടായി. ഞാനെന്റെ മുറിയുടെ ജനൽ തുറന്ന് വെളിയിലേക്ക് നോക്കിയപ്പോൾ, ഖാദിമീങ്ങൾ ഡ്യൂട്ടിയിൽ നില്ക്കുന്നതാണ് കണ്ടത്. ഒരു കുടയുമില്ലാതെ മഴയത്ത് കുളിച്ചുനില്ക്കുകയാണവർ; അവരുടെ നില്പ് കണ്ടപ്പോൾ തങ്ങളുടെ ഈ പാദങ്ങളെ ഇളക്കാൻ ആർക്കാണ് കഴിയുക എന്ന് അവർ വിളിച്ചുചോദിക്കുന്നതുപോലെ തോന്നി.

ഇതാണ് ഘാനയുടെ ഹ്രസ്വവിവരണം. ഘാനയിൽ നിന്ന് നൈജീരിയായിൽ പോയി അവിടെ ഒരു രാത്രി താമസിച്ചതിനുശേഷം ബനിനിലെത്തി. നാലു വർഷം മുമ്പേ ശിലാസ്ഥാപനം നിർവ്വഹിച്ച പോർട്ടോനോവോയിലെ പള്ളിയുടെ നിർമ്മാണപ്രവൃത്തി പൂർത്തിയായ

തിനാൽ അത് ഉദ്ഘാടനം ചെയ്യണമെന്ന് അവിടുത്തെ അമീറും മിഷണറി ഇൻചാർജ്ജും പറഞ്ഞു. ഇപ്രകാരം തന്നെ യാദൃശ്ചികമെന്ന് പറയട്ടെ, ആ ദിനങ്ങളിൽ അവിടുത്തെ ജൽസയും നടക്കുകയായിരുന്നു. അതിൽ പങ്കെടുത്ത് സംസാരിക്കണമെന്നും പറഞ്ഞു. പോർട്ടോ നോവോ ബനിനിലെ പുതിയ ജമാഅത്താണ്. അധികമാളുകളും പുതിയതായി ബയ്അത്ത് ചെയ്തവരാണ്. അതുകൊണ്ട് ഞാൻ, ആദ്യം നിശ്ചയിച്ച പരിപാടിയിൽ അല്പം മാറ്റം വരുത്തി അതിനേയും ഉൾപ്പെടുത്തി. കാർമാർഗ്ഗം നൈജീരിയായുടെ ബോർഡർ കടന്നു. അവിടുത്തെ മന്ത്രി സ്വീകരിക്കാൻ എത്തിയിരുന്നു. മാശാ അല്ലാഹ് വളരെ നല്ല സ്വീകരണമായിരുന്നു. കഴിഞ്ഞ പര്യടനത്തെ അപേക്ഷിച്ച് ഭരണതലത്തിലും ധാരാളം മാറ്റമുണ്ടായിട്ടുണ്ട്. എന്തായാലും, എന്റെ ജോലി അധികവും അഹ്മദികളെ കാണുന്നതിനു വേണ്ടിയായിരുന്നു. നൈജീരിയായുടേയും ബനിന്റേയും അതിർത്തിയിൽ നിരവധി അഹ്മദികളും എത്തിയിരുന്നു. സ്വീകരണത്തിനായി സ്ത്രീകളും പുരുഷന്മാരും വന്നിരുന്നു. ആവേശനിർഭരമായ മുദ്രാവാക്യം അവർ വിളിച്ചുകൊണ്ടിരുന്നു. അടുത്തദിവസം ജൽസയുടെ സമാപന ദിവസമായിരുന്നു. അതിൽ ഞാൻ അല്പം പ്രസംഗിക്കുകയും ചെയ്തു. അവിടെ ഏകദേശം 22000 ആളുകൾ പങ്കെടുത്തിരുന്നു. ദൂരദൂര സ്ഥലങ്ങളിൽനിന്ന് ആളുകൾ വന്നിരുന്നു. മെല്ല, മെല്ലെ അഹ്മദിയ്യത്തിനെക്കുറിച്ച് അവിടെയുള്ള ആളുകൾ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഇവരുടെ ആത്മാർത്ഥതയും മറ്റും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വർദ്ധിക്കുന്നു. അല്ലാഹു അവരെ അതിൽ വർദ്ധിപ്പിച്ചുകൊണ്ടേപോകട്ടെ.

പര്യടനം സ്വയം സ്വാധീനമുണ്ടാക്കുകയും ബന്ധങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം തബ്ലീഗിന്റെ വഴികളും തുറക്കാറുണ്ട്. റിസപ്ഷൻ സംഘടിപ്പിച്ചിരുന്നു. അവിടെ ഒരു അസംബ്ലി മെമ്പറും വന്നിരുന്നു. അദ്ദേഹവുമായിട്ട് എനിക്ക് ദീർഘകാലബന്ധമുണ്ട്. തനിക്ക് ബയ്അത്ത് ചെയ്യണമെന്ന് അദ്ദേഹം എഴുന്നേറ്റു പറഞ്ഞു. ഇനിയും ചിന്തിക്കുക എന്ന് ഞാൻ പറഞ്ഞു. പക്ഷേ, അദ്ദേഹം എന്തിനും തയ്യാറായിരുന്നു. അങ്ങനെ ഫാറം പൂരിപ്പിക്കാൻ ഞാൻ നിർദ്ദേശിച്ചു.

ബനിനിലെ നമ്മുടെ ഒരു അഹ്മദി സ്നേഹിതനാണ്, രാജി ഇബ്റാഹീം സാഹിബ്. അദ്ദേഹത്തിന്റെ സുഹൃത്താണ് അൽഹാജി. അദ്ദേഹം അത്ഭുതത്തോടെ പറഞ്ഞു, 'ഞാൻ നാഷണൽ ടിവിയിൽ നിങ്ങളുടെ ഇമാമിന്റെ ഖുത്ബ ജുമുഅ കേട്ടു. ആദ്യം സൂറഃഫാതിഹാ ഓതുന്നതും പിന്നീട് ഖുർആൻ വചനത്തിന്റെ വ്യാഖ്യാനം പറയുന്നതും കേട്ടു. ഞാൻ കേട്ടിരുന്നത് അഹ്മദികൾ നമസ്കരിക്കാത്തവരാണെന്നാണ്. ഇത്ര വലിയ കളവ് നിത്യവും കേട്ടുകൊണ്ടിരുന്നല്ലോ എന്നോർത്ത് എനിക്ക് ആശ്ചര്യം തോന്നി. ഇപ്പോൾ നിങ്ങൾ നമസ്കരിക്കുന്നത് ഞാൻ നേരിൽ കണ്ടു."

മീഡിയ ഒരുപാട് കവറേജ് ചെയ്യുന്നു എന്നതാണ് ഈ പര്യടനം കൊണ്ടുള്ള മറ്റൊരു നേട്ടം. ഇപ്രകാരം തന്നെ ഒരു അഹ്മദിയെ കാണാൻ അദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്ത് വന്നു. പലതും സംസാരിച്ചതിനുശേഷം പറഞ്ഞു: "യഥാർത്ഥത്തിൽ താങ്കളുടെ ഖലീഫത്തുൽ മസീഹിന്റെ പര്യടനം അസാധാരണമായ അനുഗ്രഹങ്ങളുടെ പര്യടനമായിരുന്നു." അനഹ്മദികൾക്കും ഇത് കാണാൻ കഴിയുന്നു.

അവിടുത്തെ രാഷ്ട്രപതിയുടെ പ്രൈവറ്റ് സെക്രട്ടറി ഒരു സ്ത്രീയാണ്. അൽഹാജ് മദാം ഗ്രാസ്ലവാനി. അവർ ഇവിടെ മിഷൻഹൗസിൽ എന്നെ കാണാനും വന്നിരുന്നു. ഞങ്ങൾ വന്നതിനുശേഷം വീണ്ടും മിഷൻഹൗസിൽ ചെന്നിരുന്നു. 'ഞാൻ സന്തോഷത്തോടെയാണോ തിരിച്ചുപോയതെന്ന്' ചോദിക്കാനാണ് അവർ രണ്ടാമതായി അവിടെ പോയത്. അവർ ജുമുഅ നമസ്കരിക്കാനും നമ്മുടെ പള്ളിയിൽ വന്നിരുന്നു. തന്റെ ജീവിതത്തിലൊരിക്കലും ഇങ്ങനെയൊരു ജുമുഅ നമസ്കരിച്ചിട്ടില്ലെന്ന് പറയാനും കൂടിയാണ് അവർ ചെന്നത്. അവർ പറഞ്ഞു, ഞാൻ ഇമാമുമാരെ കണ്ടിട്ടുണ്ട്. വിശുദ്ധഖുർആനിലെ ധാരാളം ആയത്തുകൾ അവർ ഓതാറുണ്ട്. തത്തയെപോലെ ഉരുവിട്ടുകൊണ്ടേപോകുന്നു. പക്ഷേ, 'അദ്ദേഹം' തിലാവത്തിനുശേഷം എപ്രകാരം ഖുർആൻ നമുക്ക് മനസ്സിലാക്കിത്തന്നുവോ, അതെന്റെ റൂഹിന്റെയും മനസ്സിന്റെയും അഗാധതലം വരെ ഇറങ്ങിപ്പോയി. ഇങ്ങനെ വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്ന ആരേയും ഞാൻ കണ്ടിട്ടില്ല." എന്തായാലും അവർ വളരെ അഹ്മദിയ്യത്തിനോട് അടുത്തിരിക്കുന്നു. ബയ്അത്ത് ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ബനിനിൽനിന്ന് തിരിച്ചത് നൈജീരിയായിലേക്കായിരുന്നു. അതിർത്തിയിൽ എത്തിയപ്പോൾ നൈജീരിയായിലെ അമീർസാഹിബ് പറഞ്ഞു, വഴിയിൽ പുതിയൊരു സ്ഥലത്ത് പള്ളി നിർമ്മിച്ചിട്ടുണ്ട്. അത് പ്രോഗ്രാമിൽ പെട്ടിട്ടില്ല. എങ്കിലും അവിടെ പോകേണ്ടതാണ്. മെയിൻ റോഡിൽനിന്ന് 10,12 മൈൽ ഉള്ളിലേക്ക് പോകേണ്ടതുണ്ട്. പോകാമെന്ന് ഞാൻ സമ്മതിച്ചു. ചെറിയൊരു സ്ഥലമാണത്. നൈജീരിയായിലെ തെക്കൻ സ്ഥലങ്ങളിൽ ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. 2004 -ൽ പോയപ്പോഴും ഞാൻ അവിടെ സന്ദർശിച്ചിരുന്നു. അവരുടെ ആത്മാർത്ഥതയും കൂറും നേരിട്ടറിയാൻ കഴിഞ്ഞതാണ്. നേരത്തെ അറിയില്ലായിരുന്നു. ആരും ഒന്നിലും പിന്നിലല്ല. അവരും ആർക്കും പിന്നിലല്ല. ഉള്ളിൽനിന്ന് അവരുടെ സ്നേഹം പൊട്ടിയൊഴുകുന്നതുപോലെതോന്നി. അവിടെയെത്തിയപ്പോൾ, എത്തിയല്ലോ എന്നോർത്ത് ഞാൻ ശുക്ർ ചെയ്തു. അമീർ സാഹിബ് പറഞ്ഞതു സ്വീകരിച്ചു. ജമാഅത്തംഗങ്ങൾ മുഴുവൻ പ്രതീക്ഷയിലായിരുന്നു അവിടെ. ഞാൻ തീർച്ചയായും എത്തുമെന്ന് അവർക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു.

പള്ളിയിൽ ഞാൻ പ്രവേശിക്കുന്നതിനു മുമ്പേ, എല്ലാ കുട്ടികളുടേയും വൃദ്ധരുടേയും യുവാക്കളുടേയും ആഗ്രഹമായിരുന്നു കൈ തരിക എന്നത്. അടുത്തുനിന്നു കാണാൻ സ്ത്രീകളും ആഗ്രഹിച്ചിരുന്നു. സമയക്കുറവുകാരണം എല്ലാവർക്കും കൈ കൊടുക്കുക എന്നത് സാധ്യമായിരുന്നില്ല. എന്തായാലും കുറച്ചാളുകൾ കൈത്തരികയുണ്ടായി. ഈ തിരക്കിന്നിടയിൽ ഞങ്ങളുടെ സംഘത്തിൽപെട്ട ആരോ, ഒരു സ്ത്രീയോടു പിന്നിലോട്ട് മാറി നില്ക്കാൻ പറഞ്ഞു. ആ സ്ത്രീയ്ക്ക് അത് രസിച്ചില്ല. ദ്വേഷംകൊണ്ട് ആ പറഞ്ഞയാളെ പൊക്കി വെളിയിലേക്കിടുമെന്ന് തോന്നിപ്പോയി. അവർ ചോദിച്ചു, 'എന്റെയും കാലത്തിന്റെ ഖലീഫയുടേയും ഇടയിൽ തടസ്സം നില്ക്കാൻ നിങ്ങൾ ആരാണ്?' എന്തായാലും അവർ ബുദ്ധിമതിയായിരുന്നു. പെട്ടെന്നുതന്നെ ദ്വേഷം അടക്കി ഒരു ഭാഗത്തേക്കുനീങ്ങി. പക്ഷേ, അവരുടെ ശക്തി കണ്ടപ്പോൾ പൊക്കി വെളിയിലിട്ടുകളയുമെന്നുതന്നെ തോന്നിയിരുന്നു. ആവേശം കയറുമ്പോൾ മനുഷ്യനിൽ ശക്തി കൂടുതലുണ്ടാകും. കുറച്ചു സമയത്തിനുശേഷം പള്ളിയിൽവച്ച്, നിങ്ങളെല്ലാവരും നിശ്ശബ്ദരായിരിക്കാൻ ഞാൻ പറഞ്ഞു. നൂറുകണക്കിനുണ്ടായിരുന്ന ആ സ്ത്രീകളെല്ലാം പൂർണ്ണമായും നിശ്ശബ്ദരായി. ഇവിടെ വരാൻ ഞങ്ങൾക്ക് പരിപാടിയില്ലായിരുന്നുവെന്നും, നിങ്ങൾ കാരണത്താലാണ് ഇവിടെ വന്നതെന്നും പറഞ്ഞപ്പോൾ, ആകാശം പൊട്ടിക്കീറുംവിധം അവർ മുദ്രാവാക്യങ്ങൾ വിളിക്കാൻ തുടങ്ങി. പള്ളിയുടെ മച്ച് പൊങ്ങിപ്പോകുമെന്ന് തോന്നിപ്പോയി. അവരുടെ മുദ്രാവാക്യം വിളി നടക്കുമ്പോൾ ഞാൻ ചിലരുമായി സംസാരിച്ചു. അപ്പോൾ ആവേശം അല്പം തണുത്തു. അങ്ങനെ അവരിൽനിന്ന് വിട ചോദിച്ചുപോന്നു.

രണ്ടുമൂന്നു രാത്രികൾ വഴിയിൽ കഴിഞ്ഞുപോയി. അബൂജയ പട്ടണത്തിലായിരുന്നു അവരുടെ ജൽസ നടക്കേണ്ടിയിരുന്നത്. ഏകദേശം 1200, 1300 കിലോമീറ്റർ ദൂരമുണ്ട്. അതിനിടയിൽ എവിടെയൊക്കെ ജമാഅത്തുണ്ടായിരുന്നുവോ, അവിടെയെല്ലാം സ്വീകരണത്തിനായി ജനങ്ങൾ എത്തിയിരിക്കുന്നതായി കണ്ടു. എല്ലായിടത്തും ഒരേആവേശം, ഒരേവികാരം, ഒരേസ്നേഹം, ഒരേ ആത്മാർത്ഥത. എല്ലാ ആഫ്രിക്കൻ അഹ്മദികളിലും ഇത് കാണാൻ കഴിയും. അത് കാണാനുള്ള അവസരവും കിട്ടി.

സ്ത്രീകൾ കുട്ടികളേയുമെടുത്ത് കാറിന്റെ ഒപ്പത്തിനൊപ്പം ഓടുന്ന കാഴ്ച. അവർ കുട്ടികളുടെ ശ്രദ്ധ എന്നിലേക്കാക്കാൻ ശ്രമിക്കുകയാണ്. ഖിലാഫത്തിനോടുള്ള സ്നേഹം ആ കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമായി തീരുന്നതിനായിരുന്നു അത്.

അയൽരാജ്യമായ നൈജർ, ഛാഡ്, കാമ്റൂൺ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് സംഘങ്ങൾ നൈജീരിയായിലും എത്തിയിരുന്നു. നൈജീരിയായിലേയും ഘാനയിലേയും ബെനിനിലേയും പോലെ സർക്കാരുദ്യോഗസ്ഥരുമായും അനഹ്മദികളുമായും കൂടിക്കാഴ്ച നടന്നു. ജമാഅത്തിനെക്കുറിച്ചുള്ള ഓരോരുത്തരുടേയും അഭിപ്രായം കൂടുതലായി തിളച്ചുപുറത്തുവന്നു. ജമാഅത്തിനെക്കുറിച്ച് അവർക്ക് കൂടുതൽ അറിയാൻ കഴിഞ്ഞു. അതവർ പ്രകടിപ്പിക്കുകയും ചെയ്തു. നൈജീരിയായിലെ ഇജ്സ്ട്രേറ്റിൽ ഒരു വലിയ രാജഭരണമുണ്ട്. അതിന്റെ അമീർ വലിയ വിദ്യാസമ്പന്നനാണ്. പി. എച്ച്.ഡിക്കാരനാണ്. നൈജീരിയായിലെ സെനറ്റ് അംഗവുമാണ്. അദ്ദേഹം വളരെ നിർബ്ബന്ധപൂർവ്വം തന്റെ നാട്ടിലേക്ക് എന്നെ ക്ഷണിച്ചിരുന്നു. അദ്ദേഹം കഴിഞ്ഞ രണ്ടു വർഷമായി യു.കെ. ജൽസയിലും പങ്കെടുക്കാറുണ്ട്. വളരെ സ്നേഹത്തോടെ തന്റെ ഗസ്റ്റ്ഹൗസിൽ അതിഥിയായി ഞങ്ങളെ പാർപ്പിച്ചു. തന്റെ മാതാവിന്റെ സ്മരണാർത്ഥം ഒരു സ്കൂൾ തുടങ്ങാൻ പോവുകയാണ്. ഇപ്പോൾ നിലവിലുള്ള സ്കൂൾ വളരെ വിശാലമായ നിലയിൽ ആക്കിത്തീർക്കാനുള്ള ആഗ്രഹത്തിലാണദ്ദേഹം. അതിന്റെ ശിലാസ്ഥാപനവും എന്നെക്കൊണ്ട് ചെയ്യിച്ചു. ആ പരിപാടിയിൽ ഒരുപാട് സർക്കാരുദ്യോഗസ്ഥരും പരമ്പരാഗത രാജാവും രാഷ്ട്രീയനേതാക്കന്മാരും പാർലിമെന്റംഗങ്ങളുമൊക്കെ സന്നിഹിതരായിരുന്നു. എല്ലാവരുടേയും സാന്നിധ്യത്തിൽവച്ച് ആ രാജാവ് ജമാഅത്ത് ചെയ്യുന്ന സേവനങ്ങളും ഞാനുമായിട്ടുള്ള വ്യക്തിപരമായ ബന്ധവും പരസ്യമായി പ്രകടിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയം കൂടുതൽ തുറക്കുമാറാകട്ടെ. മുഹമ്മദീ മസീഹിന്റെ ദാസന്മാരിൽ ചേരാനുള്ള ധൈര്യം അദ്ദേഹത്തിന് ലഭിക്കുമാറാകട്ടെ. എന്തായാലും ഞങ്ങൾ എല്ലായിടത്തും ഓരോ ചുവടിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ സഹായത്തിന്റെ മഴ കണ്ടു. കുറച്ച് എം.ടി.എ മുഖേനയും റിപ്പോർട്ടുകളിലൂടെയും നിങ്ങളുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നതാണ്. സകല ഭാഗ്യവാന്മാരും, മുഹമ്മദീ മസീഹിന്റെ കൈയിൽ എത്രയും വേഗം സംഘടിക്കുന്ന കാഴ്ച അല്ലാഹുതആല നമുക്ക് കാണിച്ചുതരുമാറാകട്ടെ.

നൈജീരിയായിൽ 1940-ൽ സമ്പന്നരും കഴിവുള്ളവരുമായ കുറേ ആളുകൾ അക്കാലത്തെ അമീർ സാഹിബിനോടും ഇൻചാർജ് മിഷണറിയോടും എതിർപ്പ് പ്രകടിപ്പിക്കാൻ തുടങ്ങി. അപ്പോൾ ഖലീഫത്തുൽ മസീഹ് ഥാനി(റഹ്) ഒന്നുകിൽ അനുസരിക്കുക ഇല്ലെങ്കിൽ ജമാഅത്തിൽനിന്ന് പുറത്തുപോവുക എന്ന് അവരോട് പറഞ്ഞു. അവർ തങ്ങളുടെ പള്ളിസമേതം പുറത്തുപോയി. ഇതിനെ സംബന്ധിച്ച് അവിടുത്തെ ഒരു പ്രസ്സ് പ്രതിനിധി എന്നോട് ചോദിക്കുകയുണ്ടായി അതുകൊണ്ട് എന്ത് കോട്ടമാണ് ജമാഅത്തിനുണ്ടായതെന്ന് ഞാൻ അയാളോട് ചോദിച്ചു. ജമാഅത്ത് ഇന്ന് ലോകം മുഴുവൻ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വേർപെട്ടുപോയവർക്ക് ഒരു വിലയും ഇല്ലാതായി. പക്ഷേ, ആ പോയ ആളുകൾക്ക് ഇപ്പോൾ സ്വയം ബോധമുണ്ടാകാൻ തുടങ്ങിയിട്ടുണ്ട്. എന്തെങ്കിലു

മൊക്കെ കാര്യം പറഞ്ഞ് അവർ ഇപ്പോൾ ജമാഅത്തിന്റെ അടുക്കൽ വന്നുകൊണ്ടിരിക്കുന്നു. അവരുടെ ഇമാമും മറ്റൊരു പ്രായംചെന്നയാളും എന്നെകാണാൻ വന്നിരുന്നു. അവരോട് ഞാൻ പറഞ്ഞു: "ഇപ്പോൾ എല്ലാ കാര്യങ്ങളും വ്യക്തമായി മുന്നിൽ വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ നൈജീരിയായിലും ലോകത്തുമെല്ലാം ജമാഅത്തിന്റെ പുരോഗതി കാണുന്നുണ്ട്. അതിനാൽ പിടിവാശി ഉപേക്ഷിക്കുക. മടങ്ങിവരിക. കാരണം ജമാഅത്തിന്റെ അഭിവൃദ്ധിയും അനുഗ്രഹങ്ങളും ഖിലാഫത്തുമായിട്ട് ബന്ധിതമാണ്." വളരെ നല്ല നിലയിൽ കാര്യങ്ങളെല്ലാം കേട്ടുകൊണ്ടാണ് അവർ പോയത്. ഇനിയെന്താണെന്ന് നമുക്ക് നോക്കി കാണാം. അല്ലാഹു അവരുടെ ഹൃദയം തുറക്കുമാറാകട്ടെ. ആമീൻ.

ഇവിടെയൊരു കാര്യം ഞാൻ അവിടുത്തെ മുബല്ലിഗുമാരോടും ലോകത്തുള്ള സകല മുബല്ലിഗുമാരോടും പറയാൻ ആഗ്രഹിക്കുകയാണ്. അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ബന്ധവും സ്വഭാവത്തിന്റെ ഉന്നതമായ നിലയും മെച്ചപ്പെടുത്താൻ കൂടുതൽ ശ്രമിക്കുക. നിങ്ങൾ തന്നെയും ഓർക്കുക. നിങ്ങളുടെ ഭാര്യാമക്കളോടും പറയുകയും ചെയ്യുക. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ ഉന്നതമായ നില സ്ഥാപിക്കേണ്ടത് ഓരോരുത്തരുടേയും നിർബന്ധകടമയാണ്. ആദ്യത്തേക്കാൾ കൂടുതൽ സ്നേഹത്തോടും സന്തോഷത്തോടുംകൂടി നിങ്ങളുടെ ജമാഅത്തിലെ ആളുകളോട് പെരുമാറുക. പ്രത്യേകിച്ച് ആഫ്രിക്കയിൽ താമസിക്കുന്നവർ. നിങ്ങളുടെ മാതൃകയും പ്രവൃത്തിയുമാണ് നിങ്ങളുടെ ജമാഅത്തിലെ അഹ്മദികൾക്ക് മാതൃക. ആദ്യകാലങ്ങളിൽ നമ്മുടെ മഹാത്മാക്കൾ അവിടെ പോയിരുന്നു. അവരിൽ സഹാബിമാരുമുണ്ടായിരുന്നു. അവർ വളരെ ത്യാഗം വരിച്ചു. തങ്ങളുടെ നന്മയുടേയും തഖ്‌വയുടേയും സഹതാപത്തിന്റേയും വലിയ മാതൃക കാഴ്ചവച്ചു. അവർ ഒരു പേരുണ്ടാക്കി. കുറഞ്ഞപക്ഷം അവരുടെ ആ നിലവാരം കരസ്ഥമാക്കാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്.

ജമാഅത്തിന്റെ ആത്മാർത്ഥതയേയും കൂറിനേയും ആത്മാർപ്പണത്തേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു. "ചില സന്ദർഭങ്ങളിൽ ജമാഅത്തിന്റെ ആത്മാർത്ഥതയും സ്നേഹവും വിശ്വാസത്തിന്റെ ആവേശവും കണ്ടിട്ട് നാം സ്വയം അത്ഭുതപ്പെട്ടുപോകുന്നു. എത്രത്തോളമെന്നാൽ, ശത്രുക്കൾപോലും അതിൽ ആശ്ചര്യപ്പെടുകയാണ്." ശത്രുക്കൾ ആശ്ചര്യപ്പെടുമ്പോൾ അവരിലെ അസൂയയും വർദ്ധിക്കുന്നു. പിന്നീട് നഷ്ടം വരുത്താനുള്ള പുതിയ പുതിയ രീതികളന്വേഷിക്കുന്നു.

ജമാഅത്തിന്റെ അഭിവൃദ്ധി ശത്രുക്കൾ കാണുമ്പോൾ അവരെല്ലാ രീതിയും പരീക്ഷിച്ചുനോക്കാറുണ്ട്; ജമാഅത്തിനെ തകർക്കാൻ. എം.ടി.എ മുഖേന ഇപ്പോൾ ലോകം മുഴുവൻ ജമാഅത്തിന്റെ പുരോഗതിയുടെ ദൃശ്യങ്ങൾ കാണുകയാണ്. അസൂയാലുക്കളിൽനിന്ന് രക്ഷപ്പെടുന്നിനുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തേക്കാൾ കൂടുതൽ നാമും കുനിയേണ്ട ആവശ്യമുണ്ട്. ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട പത്രവാർത്തകളോടൊപ്പം പാക്കിസ്ഥാനിൽ മൗലവിമാരും അതിന് വിശദീകരണം കൊടുക്കാൻ തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട്, 'അസൂയാലുക്കളും ശത്രുക്കളുമായുള്ളവരുടെമേൽ അല്ലാഹു ജമാഅത്തിനെ വിജയിപ്പിക്കും' എന്ന വാഗ്ദാനമുണ്ടെന്നത് ശരിതന്നെ. പക്ഷേ, ആത്മാർത്ഥതയിലും കൂറിലും പ്രാർത്ഥനയിലും മുമ്പത്തേക്കാൾ കൂടുതൽ അവന്റെ മുമ്പിൽ നാം കുനിയണം. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. അഭിവൃദ്ധിയുടെ പുതിയ നിലകൾ കാണിച്ചുതരുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.5.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala